# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 23

# വാർത്താക്കുറിപ്പ്

**പ്രാക്ടിക്കൽ**

ആറാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ്.) മാർച്ച്/ഏപ്രിൽ 2019 - കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മോഡൽ I, II, III, ഒ.എം. ആന്റ് എസ്.പി. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ (കംബൈൻഡ്) മാർച്ച് 27 മുതൽ ഏപ്രിൽ ഒന്ന് വരെ അതത് കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/571/2019)

**പരീക്ഷ ഫലം**

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. കഥകളി വേഷം (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/572/2019)

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ബി.കോം ഓഫ് കാമ്പസ് സപ്ലിമെന്ററി/മേഴ്സി ചാൻസ് (ആനുവൽ സ്കീം) പാർട്ട്-I ഇംഗ്ലീഷ്, പാർട്ട്-II മോഡേൺ ലാംഗ്വേജ്, പാർട്ട്-III പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/573/2019)

## 'മലബാർ കർഷക കുടിയേറ്റം; വെല്ലുവിളികളും പ്രതികരണങ്ങളും': പ്രഭാഷണം 26ന്

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷൻ 'മലബാർ കർഷക കുടിയേറ്റം; വെല്ലുവിളികളും പ്രതികരണങ്ങളും' എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിക്കുന്നു. മാർച്ച് 26ന് രാവിലെ 10ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഓഡിറ്റോറിയത്തിലാണ് പരിപാടി. വർഗീസ് തോട്ടയ്ക്കാട് മുഖ്യപ്രഭാഷണം നടത്തും.

(പി.ആർ.ഒ./39/574/2019)

**യു.ജി./പി.ജി. ചീഫ് വാല്യുവേഷൻ 27നകം പൂർത്തീകരിക്കണം**

ഒന്നും രണ്ടും സെമസ്റ്റർ യു.ജി. (പ്രൈവറ്റ്), മൂന്നാം സെമസ്റ്റർ പി.ജി. സി.എസ്.എസ്., മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. പരീക്ഷകളുടെ ഉത്തരക്കടലാസ് ചീഫ് വാല്യുവേഷൻ മാർച്ച് 27നകം പൂർത്തിയാക്കി തിരികെ ക്യാമ്പുകളിൽ ഏൽപ്പിക്കണമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ./39/575/2019)

## ട്രാൻസ്ജൻഡർ ബിൽ ലിംഗപദവി തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കുന്നു: പ്രൊഫ. മുരളീധരൻ തറയിൽ

ഒരു വ്യക്തിക്ക് സ്വന്തമായി ലിംഗപദവി തിരഞ്ഞെടുക്കാനുള്ള മൗലിക സ്വാതന്ത്ര്യം ട്രാൻസ്ജൻഡർ ബില്ല് നിഷേധിക്കുന്നുവെന്നും ഇതുവഴി സ്ത്രീ അല്ലെങ്കിൽ പുരുഷൻ എന്ന സ്വത്വങ്ങളിലേക്ക് ട്രാൻസ്ജൻഡറുകൾ നിർബന്ധിതമായി ഒതുക്കപ്പെടുന്നുവെന്നും പ്രശസ്ത ജൻഡർ പഠനവിദഗ്ധൻ പ്രൊഫ. മുരളീധരൻ തറയിൽ.

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് സംഘടിപ്പിച്ച 'ഹിസ്റ്ററീസ് ഓഫ് ജൻഡർ: ട്രാൻസ്ഡിസിപ്ലിനറി അപ്രോച്ചസ്' എന്ന ദ്വിദിന കോൺഫറൻസിന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രൊഫ. എ.എം. തോമസ്, ഡോ. എം.വി. ബിജുലാൽ, കെ.എസ്.ഗോകുൽ , എസ്. സിറിയക് എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ./39/576/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ